# മലയാളിയുടെ അനന്തവികസനം

(ഒന്നാം പേജ് തുടർച്ച)

വെള്ളവും വൈദ്യുതിയും ഗതാഗത സൗകര്യങ്ങളും (ഹൈവേ, പാലം, സ്കൈബസ് മുതലായവയും) മറ്റും 'മട്ടാഞ്ചേരി'സ്റ്റൈലിൽ ബി ഒ ടി(മുപ്പതു കോടി രൂപ മുടക്കി പാലം പണിത് തൊള്ളായിരം കോടി രൂപ ജനങ്ങളിൽ നിന്ന് പിരിച്ചെടുക്കുന്നതാണ് മട്ടാഞ്ചേരി സ്റ്റൈൽ!) പദ്ധതികൾ. പിന്നെ ഐടിയുടെ കാര്യം..... മുമ്പൊരിക്കൽ എഴുതിയതുപോലെ അമേരിക്കയിൽ പോയി പറഞ്ഞാൽ ബിൽഗേയ്റ്റ്സ് പോലും ചിരിക്കും. ഒരു പക്ഷെ ഇതങ്ങുവിശ്വസിച്ചാൽ സിലിക്കൺ വാലിയിൽ പണി നഷ്ടപ്പെട്ട് കാറു തുടക്കലും പത്രം വിൽപ്പനയും മറ്റും വഴി ഉപജീവനം നടത്തുന്ന കുറേ ഇന്ത്യക്കാർ കേരളത്തിലെത്തും. 5000ഡോളർ ശമ്പളം കിട്ടിയിരുന്ന സിലിക്കൺ ബോയ്സ് പലരും ഇപ്പോൾ 5000രൂപ പോലും കിട്ടാത്ത പണിയാണ് ബാംഗ്ലൂരിലും മറ്റും ചെയ്യുന്നത്.

ബയോടെക്നോളജിക്ക് കുറച്ചു നാൾ സാദ്ധ്യയുണ്ട്. സ്വന്തം നാട്ടിൽ ചിലവാകാത്ത ജി എം(ജനറ്റിക്കിലി മോഡിഫൈഡ്- ജനിതകമായി രൂപഭേദം വരുത്തിയ) കുറെ വിത്തുകളും ഭക്ഷ്യവസ്തുക്കളും പരീക്ഷിക്കാൻ ഇത്ര കുറഞ്ഞ ചെലവിൽ ഗിനിപ്പന്നികളെ എവിടെ നിന്നു കിട്ടാൻ! അവരോടിവന്നേക്കാം. അഞ്ചോ പത്തോ വർഷത്തിനകം ഇന്ത്യയിലെ ജൈവവംശങ്ങളുടെ അന്ത്യം കുറിച്ച്, കാർഷികമേഖല തകർത്ത് ഇവിടെയൊരു 'ജനിതക ഉദ്യാന'മാക്കി മാറ്റാം. ഓരോ വിളവിറക്കാനും മോൺസാന്റോയുടേയും മറ്റും വിത്തു വാങ്ങി മാത്രം കൃഷി ചെയ്യാനാകുന്ന ഉദ്യാനം. ഇതിനിടയിൽ കുറേപേർ'അജ്ഞാത രോഗം'വന്നു മരിച്ചാൽ തന്നെ അതൊരു 'ശാസ്ത്രഗവേഷണ'വിഷയമാക്കാം. (ഭോപ്പാലിൽ ആയിരങ്ങൾ മരിച്ചപ്പോഴും അതുതന്നെയാണ് നടന്നത്.)

ഒടുവിൽ ടൂറിസം...... ..... നാം തായ്‌ലണ്ട്, ഫിലിപ്പൈൻസ് എന്നീ രാജ്യങ്ങളെപ്പോലെ പുരോഗമിക്കും. അഥവാ കേരളത്തെ മുഴുവൻ 'കോവളം'മാക്കും. തെങ്ങ്, നെല്ല്, റബ്ബർ തുടങ്ങിയവ കൃഷി ചെയ്യുന്നവരും കൈത്തറി, കയർ, കശുവണ്ടി, മത്സ്യബന്ധനം തുടങ്ങിയവയിൽ ആശ്രയിച്ച ജീവിക്കുന്നവരുമായ കേരളത്തിലെ 40 ലക്ഷം കുടുംബങ്ങൾക്ക് എന്തു പ്രയോജനമാണ് ഈ പദ്ധതികൾക്കുണ്ടാകുക? അവരുടെ ഭൂമി നശിക്കും, കടലും കാടും മണ്ണും വെള്ളവും അന്യാധീനപ്പെടും. എന്തിന് ശരീരം പോലും സ്വന്തമല്ലാതാകും. ജനങ്ങൾ അലിഞ്ഞില്ലാതായി അനന്തതയിൽ (ദൈവത്തിന്റെ നാട്ടിൽ) ലയിക്കും........ അപ്പോഴും അഞ്ചിലൊന്നു വരുന്ന മലയാളികളും അവരുടെ വിദേശമേലാളന്മാരും ഇവിടെ 'ദൈവത്തിന്റെ സ്വന്തം നാട്ടിൽ' അനന്തസുഖസൗകര്യങ്ങളോടെ ജീവിക്കും.

ഇതാണ് അനന്തവികസനം.......